**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3301 — 23-06-2014-ന് മറുപടി നല്കേണ്ടത്

## മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ച പരാതികൾ

**ചോദ്യം**

ശ്രീ. എ. പ്രദീപ് കുമാർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ച പരാതികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (എ) | (എ) യും (ബി) യും<br>വിവരം ശേഖരിച്ചുവരുന്നു |
| (ബി) | ഇതിൽ എത്ര പരാതികളിൽ അന്തിമമായി തീർപ്പ് കൽപിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ; | (ബി) | |
| (സി) | മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിലും ജനസമ്പർക്ക പരിപാടിയിലും ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായും എത്ര പരാതികൾ ഇതുവരെ ലഭിച്ചു ; | (സി) | (സി) യും (ഡി) യും<br>ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ നാളിതുവരെ ആകെ 1,07,063 പരാതികൾ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിലായി ആകെ 8,67,928 പരാതികൾ ലഭിച്ചു. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 8,67,928 പരാതികളിൽ 4,98,263 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ലഭിച്ച 1,07,063 പരാതികളിൽ 35,737 പരാതികൾ പൂർണ്ണമായും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. മറ്റു പരാതികളിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിൽ 3,64,342 അപേക്ഷകൾ ലഭിക്കുകയും അവ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ലഭിച്ച പരാതികളിൽ അന്തിമ തീരുമാനം ഉണ്ടായവ എത്ര ; ഇപ്പോഴും പരിശോധനയിൽ ഇരിക്കുന്നവ എത്ര ; വ്യക്തമാക്കാമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ